**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2286** **16-03-2022 - ൽ മറുപടിയ്ക്ക്**

**കാർഷികോൽപ്പന്നങ്ങൾ സപ്ലൈകോ വഴി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | null<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ വില്പന ശാലകളിലെ നിത്യോപയോഗ സാധനങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ വീട്ടുകളിലെത്തിക്കുന്നതിന് പ്രത്യേക സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; കാർഷികോല്പന്നങ്ങൾ സംഭരിച്ച് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലുടനീളമുള്ള ഏകദേശം 500-ൽ അധികം വരുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിലൂടെ ഓൺലൈൻ വിൽപ്പനയും അവയുടെ 10 കിലോമീറ്റർ ചുറ്റളവിൽ ഹോം ഡെലിവറി എന്ന പദ്ധതിയും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെയും, ആറ് കോർപ്പറേഷനുകളിലെയും തിരഞ്ഞെടുത്ത വിൽപ്പനശാലകളിലും നടപ്പാക്കിക്കഴിഞ്ഞു. Google Play store ലും Supplyco Website ലും ലഭ്യമാകുന്ന "സപ്ലൈ കേരള" ആപ്പിലൂടെ ഉപഭോക്താക്കൾക്കു ഈ സേവനം ലഭ്യമാകുന്നതാണ്. തൊട്ടടുത്ത സപ്ലൈകോ ഔട്ട് ലെറ്റ് തിരഞ്ഞെടുത്തു സപ്ലൈകോ ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാം. ഗവൺമെന്റ് സബ്സിഡി ഉത്പന്നങ്ങൾ ഒഴികെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ഓർഡർ സ്വീകരിച്ചു വേഗത്തിൽ എത്തിക്കും. 4 കി.മീ. ദൂരത്തിൽ 5 കിലോ തൂക്കം വരുന്ന ഒരു ഓർഡർ വിതരണം ചെയ്യുന്നതിനുള്ള ചുരുങ്ങിയ നിരക്ക് 35 രൂപ + goods and service tax (ജി.എസ്.റ്റി) ആണ്. കേരളത്തിലെ അഞ്ഞൂറിലധികം വരുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളിൽ മുഴുവനായും ഈ സാമ്പത്തിക വർഷാവസാനത്തിനകം ഓൺലൈൻ വിൽപ്പനയും ഹോം ഡെലിവറി പദ്ധതിയും നടപ്പാക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഓൺലൈൻ സംവിധാനത്തിലൂടെ മിൽമ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ ഓർഡർ ചെയ്യുന്നതിന് സംവിധാനം ഒരുക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഹോർട്ടികോർപ്പ്, ഫോറസ്റ്റ് (വനശ്രീ), മിൽമ, മത്സ്യഫെഡ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ കൂടി "സപ്ലൈ കേരള" ആപ്പ് വഴി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | നിത്യോപയോഗ സാധനങ്ങൾ ഓൺലൈൻ | (സി) | ഈ സംവിധാനത്തിലൂടെ പൊതു ജനങ്ങൾക്കു |

| | | | |
|---|---|---|---|
| | സംവിധാനം വഴി വീട്ടുകളിൽ എത്തിക്കുന്ന പദ്ധതി ആവിഷ്കരിക്കുന്നതു വഴി പൊതു മാർക്കറ്റിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ? | | സർക്കാർ ഏജൻസികളുടെ വിവിധ ഉൽപ്പന്നങ്ങൾ ഏകജാലകം വഴി ലഭ്യമാവുകയും സപ്ലൈകോയുടെ ഉൽപ്പന്നങ്ങൾ കൂടുതൽ ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായി എത്തിക്കുവാനും അതിലൂടെ വിൽപ്പന വർദ്ധിപ്പിക്കുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ